**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6358** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായമായി മുൻസാമ്പത്തികവർഷം എത്ര തുക വകയിരുത്തി; എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര പേർക്ക് ധനസഹായം അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) | വിവാഹ ധനസഹായ പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം 83,39,00,000/-രൂപ (എൺപത്തി മൂന്ന് കോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുകയിൽ 11025 ഗുണഭോക്താക്കൾക്കായി 82,68,00,000/-രൂപ (എൺപത്തി രണ്ട് കോടി അറുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗങ്ങൾക്കിടയിലെ ദുർബലവിഭാഗങ്ങളുടെ വികസന പരിപാടിയ്ക്കായി മുൻസാമ്പത്തികവർഷം എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു; എന്തെല്ലാം വികസന പരിപാടികൾ എവിടെയെല്ലാം സംഘടിപ്പിച്ചു ; വിശദാംശം അറിയിക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷം ദുർബല വിഭാഗ പുനരധിവാസ പദ്ധതിയ്ക്കായി 50,00,00,000/-രൂപ (അമ്പത് കോടി രൂപ മാത്രം) വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ 39,80,33,800/-രൂപ (മുപ്പത്തിയൊമ്പത് കോടി എൺപത് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി എണ്ണൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതിയിലെ ദുർബല വിഭാഗത്തിൽപ്പെട്ട 144 പേർക്ക് കൃഷി ഭൂമി വാങ്ങുന്നതിനും, 139 പേർക്ക് പഠനമുറി നിർമ്മാണത്തിനും, 165 പേർക്ക് ഭൂമി വാങ്ങുന്നതിനും, 90 പേർക്ക് ഭവന നിർമ്മാണത്തിനും, 19 പേർക്ക് ഭവന പുനരുദ്ധാരണത്തിനും, 206 പേർക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിനും ഒരാൾക്ക് കിണർ നിർമ്മാണത്തിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ആയതിനു പുറമെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്കിലെ മണ്ടൻപറമ്പ് നായാടി കോളനി, ചാവക്കാട് ബ്ലോക്കിലെ അകലാട് നായാടി കോളനി എന്നിവയുടെ നവീകരണത്തിനും പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വകുപ്പിന് മുൻസാമ്പത്തിക വർഷം ആകെ വകയിരുത്തിയ തുക; അനുവദിച്ച തുക; ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | 2021-22-സാമ്പത്തിക വർഷത്തിൽ പട്ടികജാതി ക്ഷേമത്തിനായി ബഡ്ജറ്റിൽ **ആകെ വകയിരുത്തിയ** |

**തുക; അനുവദിച്ച തുക; ചെലവഴിച്ച തുക** എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**1. ആകെ വകയിരുത്തിയ തുക**

പ്ലാൻ ശീർഷകം 2225

Rs. 1628,29,00,000/-

പ്ലാൻ ശീർഷകം 4225

Rs. 161,52,00,000/-

പ്ലാൻ ശീർഷകം 6225 Rs. Nil

**ആകെ Rs. 1789,81,00,000/-**

നോൺ പ്ലാൻ ശീർഷകം 2225

Rs.172,79,85,000/-

നോൺ പ്ലാൻ ശീർഷകം 4225

Rs.2000/-

നോൺ പ്ലാൻ ശീർഷകം 6225

Rs.10,02,000/-

**ആകെ Rs. 172,89,89,000/-**

**2. ആകെ അനുവദിച്ച തുക**

പ്ലാൻ ശീർഷകം 2225

Rs. 1523,41,58,962/-

പ്ലാൻ ശീർഷകം 4225

Rs. 87,69,26,344/-

പ്ലാൻ ശീർഷകം 6225

Rs. Nil

**ആകെ Rs. 1611,10,85,306/-**

നോൺ പ്ലാൻ ശീർഷകം 2225

Rs. 51,04,10,395/-

(ശമ്പളം, വേതനം ഒഴികെ)

നോൺ പ്ലാൻ ശീർഷകം 6225

Rs. Nil

| | | | |
|---|---|---|---|
| | | | **3. ആകെ ചെലവഴിച്ച തുക**<br><br>പ്ലാൻ ശീർഷകം 2225<br><br>Rs. 1509,43,13,548/-<br><br>പ്ലാൻ ശീർഷകം 4225<br><br>Rs. 71,46,34,576/-<br><br>പ്ലാൻ ശീർഷകം 6225<br><br>Rs. Nil<br><br>നോൺ പ്ലാൻ ശീർഷകം 2225<br><br>Rs. 166,52,09,813/- |

സെക്ഷൻ ഓഫീസർ